


'ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിൽ : ഗാന്ധിജി'



# ഗ്രാമജ്യോതി

ग्रामज्योति

GRAMAJYOTHI

GRAMAJYOTHI.TV

തിരുവനന്തപുരം* കോട്ടയം * ഇടുക്കി * എറണാകുളം * പാലക്കാട്* കാസർഗോഡ്


മാന്യ വായനക്കാർക്ക് പുതുവത്സരാശംസകൾ... !




2018 JANUARY VOL : 10, ISSUE - 1 Pages 4 ( Annual subscription : Rs. 100)










# ട്രോളർമാരുടെ തള്ളലുകൾ

**വി. അഷ്റഫ്**

കൊച്ചി: പണ്ടത്തെപ്പോലെ വാർത്ത വായിച്ച് അതിൽ നിന്ന് വിവരങ്ങൾ അറിഞ്ഞിരുന്നവരല്ല, ട്രോളുകൾ വായിച്ച് കണ്ണ് തള്ളിപ്പോയ മലയാളീസ്.

അമേരിക്കൻ പ്രസിഡന്റ് മുതൽ കേരള മുഖ്യമന്ത്രിയെ വരെ ട്രോളി 'കണ്ടം വഴി ഓടിച്ചതിന്റെ' ആത്മസംതൃപ്തിയിലാണ് മലയാളി ട്രോളന്മാർ. എന്നാൽ ഇതൊരു തുടക്കം മാത്രമാണ്, ട്രോളന്മാരുടെ കളി മലയാളികൾ കാണാൻ കിടക്കുന്നതേയുള്ളൂ...

ഈ വർഷം ട്രോളുകൾ കാരണം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിയത് ബിജെപി നേതാക്കളാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി മുതൽ സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ വരെ കടുത്ത ട്രോൾ അടികളാണ് നേരിട്ടത്. മലയാളത്തിലേക്ക് 'അർത്ഥവത്തായ' പുതിയ വാക്കുകൾ സംഭാവന ചെയ്യാൻ വരെ ഇത് കാരണമായി. ഇതിൽ ഏറ്റവും പ്രശസ്തമായത് 'കുമ്മനടി'യാണ്.

കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിൽ ഇടിച്ച് കേറിച്ചെന്ന് പ്രധാനമന്ത്രിക്കടുത്ത് സ്ഥാനം പിടിച്ച കുമ്മനം രാജശേഖരനെ ട്രോളിക്കൊണ്ടാണ് 'കുമ്മനടി' എന്ന വാക്ക് പ്രചരിച്ചത്. ആദ്യം ട്രോളുകളിൽ മാത്രം നിറഞ്ഞു നിന്നിരുന്ന വാക്ക് പിന്നീട് ജനങ്ങൾ ഏറ്റെടുക്കുകയായിരുന്നു.

കണ്ണന്താനം മാത്രമല്ല അദ്ദേഹത്തിന്റെ ഭാര്യ ഷീല കണ്ണന്താനവും ട്രോളർമാരുടെ പ്രിയപ്പെട്ട വ്യക്തിയാണ്. ഭർത്താവ് മന്ത്രിയായതിന്റെ സന്തോഷത്തിൽ ഒരു മാധ്യമത്തിന് നൽകിയ അഭിമുഖമാണ് അവരെ ട്രോളുകളിൽ നിറച്ചത്. ഇതോടെ റിലാക്സേഷൻ എന്ന വാക്കിന്റെ മൂല്യത്തിൽ വൻ വർധനവാണുണ്ടായത്.

തമാശ മാത്രമല്ല ചില ട്രോളുകൾ ക്രൂരവുമാകാറുണ്ട്. ഇതിലൊന്നായിരുന്നു 'മെട്രോയിലെ ആദ്യ പാമ്ബ്' എന്ന് പറഞ്ഞ് അങ്കമാലി സ്വദേശിയായ എൽദോയുടെ ചിത്രങ്ങൾ ട്രോളുകളായി മാറിയത്. ബധിരനായ എൽദോ ആശുപത്രിയിൽ പോയി ക്ഷീണിച്ചുതളർന്ന് മെട്രോ ട്രെയ്നിന്റെ സീറ്റിൽ കിടന്ന് ഉറങ്ങുന്ന ചിത്രമായിരുന്നു ഇത്. സത്യംപുറത്തുവന്നതോടെ ട്രോളിറക്കിയവർ തന്നെ ട്രോളിലൂടെ എൽദോയോട് ക്ഷമ ചോദിച്ചു.

ജിമിക്കി കമ്മലിനെക്കുറിച്ചുള്ള ചിന്താ ജെറോമിന്റെ നിരൂപണമാണ്. ജിമിക്കി കമ്മലിനെ കീറിമുറിച്ച് പരിശോധിച്ച ചിന്തയെ ട്രോളി കൊന്നു എന്നു വേണം പറയാൻ.

യെമനിൽ ഐഎസിന്റെ പിടിയിലായ ഫാദർ ടോം ഉഴുന്നാലിന്റെ മോചന വാർത്ത കേരളക്കരയ്ക്ക് വളരെ ആശ്വാസകരമായിരുന്നു. തനിക്ക് ഇഷ്ടമുള്ള ഭക്ഷണം വരെ തന്ന് സ്നേഹത്തോടെയാണ് പരിചരിച്ചതെന്ന് പറഞ്ഞ് ഉഴുന്നാലിൽ രംഗത്തെത്തിയതോടെ അദ്ദേഹത്തെ സോഷ്യൽമീഡിയയിൽ ട്രോളി നശിപ്പിച്ചു.

> **ചിന്തയുടെ ജിമിക്കി കമ്മലും തള്ളന്താനം കഥകളും, ഫാ. ടോമച്ചന്റെ ഭീകരരുടെ മഹാ മനസ്കതയ്ക്കും, പടയൊരുക്ക ജാഥയ്ക്കും ട്രോളുകളിറങ്ങി. പി ടി ഉഷ, പിണറായി വിജയൻ, അമിത് ഷാ, കുമ്മനം എന്നിവരും മലയാളികളുടെ ട്രോൾ തള്ളിൽ പെട്ടുപോയി മെട്രോയിലെ പാമ്പ് ക്രൂരവുമായി**

ഒടിയൻ മാണിക്കനായുള്ള മോഹൻലാലിന്റെ മാറ്റത്തിന് ട്രോളർമാർ വലിയ സ്വീകരണമാണ് നൽകിയത്. അദ്ദേഹത്തിനെ പ്രശംസിച്ചും കളിയാക്കിയും നിരവധി ട്രോളുകൾ ഇറങ്ങി.

മമ്മൂട്ടി സിനിമയായ കസബയെ വിമർശിച്ചതോടെ ഇക്ക ഫാൻസിന്റെ പ്രധാന ഇരയായി മാറിയിരിക്കുകയാണ് പാർവതി. നായികയെ മോശമായി ചിത്രീകരിക്കുന്ന തരത്തിലുള്ള നിരവധി ട്രോളുകളാണ് വരുന്നത്. അതിനൊപ്പം ഒഎംകെവി എന്ന വാക്കും ട്രോളുകളുടെ പ്രധാന വിഷയമാവുകയാണ്. സംവിധായകൻ ജൂഡ് ആന്റണിയ്ക്കുള്ള മറുപടിയായി പാർവതി ഈ നാല് അക്ഷരങ്ങളെ ഉപയോഗിച്ചതോടെ ട്രോളുകളുടെ ഓട്ടമെല്ലാം കണ്ടം വഴിയാണ്. പടയൊരുക്കത്തിനായി തയാറെടുപ്പ് നടത്തുന്ന ചെന്നിത്തലയുടെ ട്രോളുകളാണ് വലിയ ശ്രദ്ധ നേടിയത്.

മെഡലിന് സാധ്യതയില്ലെന്ന് പറഞ്ഞ് പി.യു. ചിത്രയെ ലോക അത്‌ലറ്റിക് മീറ്റിൽ അയക്കാതിരുന്ന നടപടി വലിയ വിവാദങ്ങൾക്ക് കാരണമായിരുന്നു. തുടർന്ന് പി.ടി. ഉഷയെ വലിയ ട്രോൾ വിമർശനമാണ് ഏൽക്കേണ്ടിവന്നത്.

# കേന്ദ്രസർക്കാർ കാർഷികമേഖലയെ സംരക്ഷിക്കുന്നില്ല : പിണറായി

**രാജു ജോസഫ്**

തിരുവനന്തപുരം: വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ നടപ്പിലാക്കിയ നോട്ട് പിൻവലിക്കലും ജിഎസ്ടിയും അടക്കമുള്ള സാമ്ബത്തിക പരിഷ്കാരങ്ങൾ സൃഷ്ടിച്ച ആഘാതത്തിൽ നിന്നും ഇന്ത്യൻ സമ്ബദ് വ്യവസ്ഥ മോചിതമായിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന്റെ വ്യക്തമായ തെളിവാണ് രാജ്യത്തിന്റെ ആഭ്യന്തര വളർച്ചാ നിരക്ക് ഇനിയും ഇടിയുമെന്ന കേന്ദ്ര സ്റ്റാറ്റിക്സ് ഓഫീസിന്റെ റിപ്പോർട്ട്. എടുത്തുചാടി നടപ്പിലാക്കിയ സാമ്ബത്തിക പരിഷ്കാരങ്ങളെ സംബന്ധിച്ച് ഇടതുപക്ഷമുന്നയിച്ച വിമർശനങ്ങളെ ശരിവയ്ക്കുകയാണ് ഈ കണക്കുകളെന്നും പിണറായി വിജയൻ ഓർമ്മിപ്പിച്ചു.

കഴിഞ്ഞ നാല് വർഷത്തെ ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കായ 6.5%ലേക്കാണ് സമ്ബദ്വ്യവസ്ഥ കൂപ്പുകുത്തിയിരിക്കുന്നത്. വരുന്ന വർഷം നിർമാണമേഖലയിലെയും കാർഷികമേഖലയിലെയും വളർച്ചാ നിരക്ക് കുത്തനെ ഇടിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വരുന്ന കേന്ദ്ര ബജറ്റിൽ കാർഷികമേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാനും നിർമാണമേഖലയെ ശക്തിപ്പെടുത്തുവാനും ഉതകുന്ന നിർദേശങ്ങൾ ഉണ്ടാകേണ്ടതാണ്. എന്നാൽ, കേന്ദ്രസർക്കാർ പിന്തുടർന്നുവരുന്ന നവലിബറൽ സാമ്പത്തികനയങ്ങൾ അത്തരത്തിൽ ശക്തമായൊരു നിലപാടെടുക്കുവാൻ അനുവദിക്കുമെന്ന് കരുതുന്നില്ലെന്നും അദ്ദേഹം ആശങ്കപ്പെട്ടു.

ഇന്ത്യയുടെ ആഭ്യന്തരവളർച്ചാ നിരക്ക് ഇനിയുമിടിയുമെന്ന കേന്ദ്ര സ്റ്റാറ്റിക്സ് ഓഫീസിന്റെ റിപ്പോർട്ട് ആശങ്കാജനകമാണ്. കഴിഞ്ഞ നാല് വർഷത്തെ ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കായ 6.5%ലേക്കാണ് നമ്മുടെ സമ്ബദ്വ്യവസ്ഥ കൂപ്പുകുത്തിയിരിക്കുന്നത്. വരുന്ന വർഷം നിർമാണമേഖലയിലെയും കാർഷികമേഖലയിലെയും വളർച്ചാ നിരക്ക് കുത്തനെ ഇടിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ നടപ്പിലാക്കിയ നോട്ട് പിൻവലിക്കലും ജിഎസ്ടിയും പോലെയുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ സൃഷ്ടിച്ച ആഘാതത്തിൽ നിന്നും ഇന്ത്യൻ സമ്പദ് വ്യവസ്ഥ മോചിതമായിട്ടില്ലെന്നാണിത് വ്യക്തമാക്കുന്നത്. എടുത്തുചാടി നടപ്പിലാക്കിയ സാമ്പത്തികപരിഷ്കാരങ്ങളെ സംബന്ധിച്ച് ഇടതുപക്ഷമുന്നയിച്ച വിമർശനങ്ങളെ ശരിവയ്ക്കുകയാണ് ഈ കണക്കുകൾ.







# സിപിഐയ്ക്കു സ്വാഗതം, മാണി വരുന്നോയെന്ന് ആലോചിച്ചിരിക്കുന്ന പാർട്ടിയല്ല കോൺഗ്രസ്: ഹസൻ

**സോണിയ ജോസഫ്**

തിരുവനന്തപുരം: യുഡിഎഫിലേക്കു വരാൻ സിപിഐ തയാറായാൽ 'പോസിറ്റിവ്' ആയി പ്രതികരിക്കുമെന്ന് കെപിസിസി പ്രസിഡന്റ് എംഎം ഹസൻ. 1967 ൽ സിപിഐ സപ്തകക്ഷി മുന്നണി വിടാനിടയായ സാഹചര്യമാണ് ഇപ്പോൾ നില നിൽക്കുന്നത്. അത്തരമൊരു തീരുമാനത്തിലേക്കു സിപിഐ എത്തിയാൽ കോൺഗ്രസ് സ്വാഗതം ചെയ്യുമെന്ന് എംഎം ഹസൻ വ്യക്തമാക്കി.

ബിജെപിയെ എതിർക്കാൻ കോൺഗ്രസ് അടക്കമുള്ളവരുമായി ചേരണമെന്ന യാഥാർഥ്യബോധമുള്ള സമീപനമാണ് സിപിഐയുടേത്. 2019ലെ തെരഞ്ഞെടുപ്പിനു മുമ്പായി ദേശീയ തലത്തിൽ അവർ കോൺഗ്രസുമായി സഖ്യത്തിലാൽ ഇവിടെയും അതിനു വിലക്കുണ്ടാവില്ല. സിപിഐയെ പരമാവധി ഇകഴ്ത്തിക്കാട്ടുന്ന നിലപാടാണ് സിപിഎമ്മിന്റേത്. എൽഡിഎഫിൽ അവരെ ഭൃത്യന്മാരെപ്പോലെയാണ് കാണുന്നത്. സി അച്യുതമേനോന്റെ നേതൃത്വത്തിൽ കോൺഗ്രസ് അടക്കമുള്ളവർ ചേർന്നുള്ള സർക്കാർ കേരളത്തിലെ ഏറ്റവും നല്ല സർക്കാരുകളിൽ ഒന്നായിരുന്നുവെന്ന് ഹസൻ ചൂണ്ടിക്കാട്ടി.

കെഎം മാണിയെ യുഡിഎഫിലേക്കു തിരിച്ചുകൊണ്ടുവരാൻ ഒരു ചർച്ചയും നടത്തിയിട്ടില്ല. അവരെ യുഡിഎഫ് പുറത്താക്കിയതല്ല. തിരിച്ചുവരാൻ ഒരു തടസവുമില്ലെന്നു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ ദിവസവും മാണി വരുന്നോ മാണി വരുന്നോയെന്നു ആലോചിച്ചിരിക്കുന്ന പാർട്ടിയല്ല കോൺഗ്രസ് എന്ന് ഹസൻ പറഞ്ഞു.

മാണി സിപിഎമ്മിനൊപ്പം പോകുമെന്ന് കരുതുന്നില്ല. അങ്ങനെ പോയാലും ആ പാർട്ടി ഒന്നടങ്കം പോവില്ല. ആദർശപരമായി നിലപാടെടുക്കുന്നവർ ആ പാർട്ടിയിലുണ്ടെന്നാണ് മനസിലാക്കുന്നത്.

ബിജെപിയുമായുള്ള ബന്ധം വിടർത്തി വന്നാൽ ബിഡിജെഎസിനെ മുന്നണിയിലെടുക്കുന്ന കാര്യം ചർച്ച ചെയ്യും. ജനാധിപത്യ ശക്തികളുമായി യോജിക്കാൻ അവർ തയാറായാലാണിത്.

എകെജിക്കെതിരെ വിടി ബൽറാം നടത്തിയ പ്രസ്താവന തെറ്റെന്നു പാർട്ടി വ്യക്തമാക്കികഴിഞ്ഞു. അതു തന്നെയാണ് ബൽറാമിനെതിരെയുള്ള നടപടിയെന്ന് ഹസൻ അഭിമുഖത്തിൽ പറഞ്ഞു.






# വിൽപ്പനയിൽ ക്രമക്കേട് നടത്തണമെന്ന് അധികാരികൾക്ക് ദുരുദ്ദേശമുണ്ടായിരുന്നില്ല: കത്തോലിക്ക കോൺഗ്രസ്

**ജോർജ്ജ് തോമസ്**

കൊച്ചി : സീറോ മലബാർ സഭയിലെ വിവാദ ഭൂമി ഇടപാടിൽ ആരോപണവിധേയനായ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ പിന്തുണച്ച് കത്തോലിക്ക കോൺഗ്രസ് . ഭൂമി ഇടപാടിൽ ഉണ്ടായത് സാങ്കേതിക പിഴവ് മാത്രമാണ്. ക്രമക്കേട് നടത്തണമെന്ന് രൂപത അധികാരികൾക്ക് ദുരുദ്ദേശം ഉണ്ടായിരുന്നില്ല. ദേവികുളത്തും കോതമംഗലത്തും ഭൂമി വാങ്ങിയത് വികാരി ജനറാളിനെയും പ്രൊക്യുറേറ്ററെയും വിശ്വാസത്തിലെടുത്താണെന്നും കത്തോലിക്ക കോൺഗ്രസ് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. രണ്ട് സ്ഥലങ്ങളും വിറ്റ് പണം ലഭിച്ചില്ലെങ്കിൽ മാത്രമേ വിവാദങ്ങൾക്ക് പ്രസക്തിയുള്ളൂ. മാധ്യമ വിചാരണക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്നും കത്തോലിക്ക കോൺഗ്രസ് കുറ്റപ്പെടുത്തുന്നു. സീറോ മലബാർ സഭയുടെ സിനഡ് ഇന്ന് കൊച്ചിയിൽ ആരംഭിക്കാനിരിക്കെയാണ് വിവാദത്തിൽ കർദിനാളിനെ പിന്തുണച്ച് എകെസിസി രംഗത്തെത്തിയത്. അതേസമയം ഭൂമി വിവാദത്തെ പരാമർശിച്ച് യേശുവിനെയും സത്യത്തെയും മുൻനിർത്തി മുന്നോട്ടുപോകണമെന്ന് അതിരൂപത മുഖപത്രം പറയുന്നു. മുഖപത്രമായ സത്യദീപത്തിൽ അതിരൂപത സെക്രട്ടറി എഴുതിയ ലേഖനത്തിലാണ് ഭൂമി വിൽപ്പന വിവാദത്തെക്കുറിച്ച് പരാമർശമുള്ളത്. വരികൾക്കിടയിൽ എന്ന കോളത്തിലാണ് വിഷയം പ്രതിപാദിച്ചിരിക്കുന്നത്. ലേഖനത്തിന്റെ അവസാനഭാഗത്താണ് ഇക്കാര്യം പരാമർശിച്ചിട്ടുള്ളത്.

വത്തിക്കാനിൽ സാമ്പത്തിക അഴിമതി ആരോപണങ്ങൾ ഉണ്ടായപ്പോൾ പ്രാൻസിസ് മാർപാപ്പ സ്വീകരിച്ച നടപടികളാണ് ലേഖനത്തിന്റെ തുടക്കത്തിൽ പറയുന്നത്. കാര്യങ്ങൾ ഒളിച്ചുവെച്ചുകൊണ്ടല്ല വത്തിക്കാൻ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കാൻ ശ്രമിച്ചത്. രോഗം യഥാസമയം ചികിൽസിച്ച് ഭേദമാക്കുകയും, അക്കാര്യങ്ങൾ മാധ്യമങ്ങളെ അറിയിക്കുകയും ചെയ്തു.




മരീന എന്റർപ്രൈസസിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ച് പ്രശസ്ത സിനിമാ താരം അനുശ്രീ തൊടുപുഴയിലെ ഷോറൂമിലെത്തിയപ്പോൾ








ഏവർക്കും പുതുവത്സര ആശംസകൾ....

നിങ്ങളുടെ സമൃദ്ധിയുടെ ഒരംശം, സ്നേഹത്തിന്റെയും
വിശ്വാസത്തിന്റെയും നാണയത്തുട്ടുകൾ
ഈ കുഞ്ഞുങ്ങൾക്ക് കൂടി മാറ്റി വയ്ക്കൂ....

ഇമ്മാനുവേൽ സ്നേഹാശ്രമം

ചിൽഡ്രൻസ് ഹോം ബൈപ്പാസ് റോഡ്,
മങ്ങാട്ടുകവല, തൊടുപുഴ
ഫോൺ : 04862– 228374, 9747023327, 9447423327
ഡയറക്ടർ : ബ്രദ. തോമസ് നടുക്കത്തെറ
Email : nj.emmanuel142@gmail.com





RNI. No. KERMAL 32852, Printed by K.R. Ratheesh, Published by K.R. Ratheesh, On behalf of or Owned by K.K. Ravi Printed at Ahalya Printers on behalf of Ayodhya Printers, Kochi and published at Opp. Idukki Press Club, Thodupuzha
Editor: K.R. Ratheesh ( Editor Responsible for news selection of news under PRB Act) 9747963157, Postal Reg. No. KL/IDK/18/12-14 Member : ILNA & DNMF & KSSIA, Head Office: Opp. Idukki Press Club, Muvattupuzha Road, **THODUPUZHA**
Email : gramajyothitdpa@gmail.com **KOCHI :** Puthiya Road, Palarivattom - gramajyothikochi@gmail.com, Ph : 9497171100 **TVM :** Near ACV, Thycadu, Thiruvananthapuram, gramajyothitvm@gmail.com **KSD** : Sabacca Tower, Near LIC, Kanajagdu, 8111935111
No Copies - 5000. Daily Online News Channel: GRAMAJYOTHI.TV